**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4564** **29-10-2021 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതിയും ജോലിസമയ ക്രമീകരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ സ്പെഷ്യൽ റൂൾ ഭേദഗതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | വനം വകുപ്പിൽ സ്പെഷ്യൽ റൂൾ ഭേദഗതി നടപ്പിലാക്കിയിട്ടുണ്ട്. കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ 30/08/2010 - ലെ ജി.ഒ.(പി) നമ്പർ 60/2010/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും, കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ 21/10/2010 - ലെ ജി.,ഒ.(പി) നമ്പർ 73/2010/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ബി) | വനവിസ്തൃതിയും ജോലി ഭാരവും കണക്കിലെടുത്ത് വനപാലകരുടെ ജോലി സമയം ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | നിലവിലെ സാഹചര്യത്തിൽ എല്ലാ സംരക്ഷണ വിഭാഗം ജീവനക്കാരുടെയും ജോലി സമയം ക്രമീകരിക്കുവാൻ (8 മണിക്കൂർ ജോലി എന്നത് ) നിലവിലുള്ള സംരക്ഷണ വിഭാഗം ജീവനക്കാരുടെ എണ്ണം മൂന്ന് ഇരട്ടി വർദ്ധിപ്പിക്കേണ്ടതായി വരും. നിലവിലുള്ള സാഹചര്യത്തിൽ ഇത് സാദ്ധ്യമല്ലാത്തതിനാൽ ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു:- (i). ജീവനക്കാർക്ക് സാധാരണഗതിയിൽ ആവശ്യമായതോ, ജോലിക്ക് ആനുപാതികമായതോ ആയ വിശ്രമം സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഉറപ്പാക്കി വരുന്നു. (ii). രാത്രി പട്രോളിംഗിൽ പങ്കെടുക്കുന്നതും, ഉൾക്കാട്ടുകളിൽ ക്യാമ്പ് കഴിഞ്ഞ് മടങ്ങിവരുന്നതുമായ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് അടുത്ത ദിവസം സ്റ്റേഷനിലോ, സെക്ഷനിലോ വിശ്രമം ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ